"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ -ബ്ലോക്ക് തലത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിരന്തരം മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള ക്രമീകരണം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2450/2023/LSGD തീയതി,തിരുവനന്തപുരം, 11-12-2023

---

**ഉത്തരവ്**

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ക്യാമ്പയിന്റെ ഒന്നും രണ്ടും ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി വാതിൽപ്പടി ശേഖരണം 8 0 ശതമാനത്തിലധികം ആയിട്ടുണ്ട് എങ്കിലും പൊതു സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ വാതിൽപ്പടി ശേഖരണം 50 ശതമാനത്തിനു താഴെയാണ്. കൂടാതെ ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സിന്റെ മോണിറ്ററിംഗ് ഇനിയും ഫലപ്രദമായി നടക്കുന്നില്ല. പൊതു നിരത്തുകളിൽ വരുന്ന മാലിന്യത്തിന്റെ അളവ് കുറയുന്നെങ്കിലും ഇപ്പോഴും ഇത് തുടരുന്ന പ്രവണതയുണ്ട്. തദ്ദേശ സ്ഥാപനത്തിലെ ഗ്യാപ്പ് കണ്ടെത്തി പ്രശ്നം പരിഹരിക്കുന്നതിനും, അവരുടെ പെർഫോമൻസ് വർദ്ധിപ്പിക്കുന്നതിനും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനം പ്രതിദിനം നടക്കുകയും നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതിനായുള്ള നിരന്തര മോണിറ്ററിംഗ് സംവിധാനം ഉറപ്പാക്കുന്നതിന്റെ ആദ്യപടിയായി ബ്ലോക്കുകളുടെ ചുമതല അസിസ്റ്റന്റ് ഡയറക്ടർ, ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് വിഭജിച്ച് നൽകേണ്ടതാണെന്ന് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബ്ലോക്ക്, നഗരസഭ തലത്തിൽ നിയോഗിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ, ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെ ചുമതല താഴെ പറയും പ്രകാരമായിരിക്കും.

1. ചുമതല നൽകിയിട്ടുള്ള ബ്ലോക്ക്/നഗരസഭയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പാഴ്വസ്തുക്കളുടെ ശേഖരണം മുതൽ പാഴ്വസ്തുക്കളുടെ ട്രാൻസ്പോർട്ടേഷൻ വരെയുള്ള പ്രവർത്തനം പരിശോധിച്ച്, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട ഏജൻസികൾക്കും നൽകുക.
2. മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പെർഫോർമൻസ് മെച്ചപ്പെടുത്തുന്നതിനുള്ള നോഡൽ ഓഫീസറായി പ്രവർത്തിക്കുക.

3. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ടുകളുടെയും ആസൂത്രണം, നിർവ്വഹണ പുരോഗതി(സൈറ്റ് പരിശോധന ഉൾപ്പെടെ) എന്നിവ മോണിറ്ററിംഗ് ചെയ്യുക.
4. തദ്ദേശ സ്ഥാപന തലത്തിൽ രൂപീകരിച്ചിട്ടുള്ള ക്യാമ്പയിൻ സെക്രട്ടറിയേറ്റിന്റെ പ്രവർത്തനം, വിജിലൻസ് സ്ക്വാഡിന്റെ പ്രവർത്തനം, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നടത്തിയ പ്രവർത്തനം എന്നിവ വിലയിരുത്തുക. സ്ക്വാഡുകൾ കണ്ടെത്തിയ നിയമലംഘനങ്ങൾ പരിഹരിച്ചിട്ടുണ്ടോയെന്നും സ്ക്വാഡുകൾ പിഴയായി ഈടാക്കിയ തുകകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ടോയെന്നും ഉറപ്പുവരുത്തുക.
5. മാലിന്യ സംസ്കരണ മേഖലയിലെ റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതിക്ക് മുമ്പായി ജില്ലാ ജോയിന്റ് ഡയറക്ടർക്ക് ലഭ്യമാക്കുക.
6. മേൽ ചുമതലകൾക്ക് പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ മേഖലയിൽ മാസത്തിൽ ഒരിക്കൽ ആകസ്മിക പരിശോധന നടത്തി റിപ്പോർട്ട് ജില്ലാ ജോയിന്റ് ഡയറക്ടർക്കും പ്രിൻസിപ്പൽ ഡയറക്ടർക്കും പ്രത്യേക റിപ്പോർട്ടാക്കി നൽകുക.

മേൽ പറഞ്ഞ രീതിയിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിരന്തരം മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള ക്രമീകരണം എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാരും നടപ്പിലാക്കിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം

എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി
ഡയറക്ടർ ജനറൽ , കില

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ

സ.ഉ.(സാധാ) നം.2450/2023/LSGD

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

M.k.pradeesh Kumar

Date: 11-12-2023 12:19:21

സെക്ഷൻ ഓഫീസർ